# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 594

05.06.2018-ൽ മറുപടിക്ക്

## റവന്യൂ സ്റ്റാമ്പിന്റെയും മുദ്ര പത്രങ്ങളുടെയും ക്ഷാമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ടി.ബൽറാം | ശ്രീ.റ്റി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| എ) റവന്യൂ സ്റ്റാമ്പിന്റെയും മുദ്രപത്രങ്ങളുടെയും ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ; | എ) ഉണ്ട്. റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള തിരുവനന്തപുരം സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ നിന്നുമാണ് ട്രഷറികൾക്ക് ആവശ്യമായ മുദ്രപത്രങ്ങളും സ്റ്റാമ്പുകളും വിതരണത്തിനായി നൽകുന്നത്. രജിസ്ട്രേഷൻ വകുപ്പിലെ ആധുനീകവൽക്കരണത്തിന്റെ ഭാഗമായി 2017 മെയ് മാസത്തോടുകൂടി ഇ-സ്റ്റാമ്പിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചതിനാൽ മുദ്രപത്രങ്ങൾ കൂടുതൽ വാങ്ങി സൂക്ഷിക്കേണ്ടതുണ്ടോ എന്നതിൻമേൽ ബന്ധപ്പെട്ട വകുപ്പ് മേധാവികളുമായി ചർച്ച നടത്തുകയും, തുടർന്ന് ആദ്യഘട്ടത്തിൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവിലയുള്ള ആധാരങ്ങളുടെ രജിസ്ട്രേഷനു മാത്രം ഇ-സ്റ്റാമ്പിംഗ് സംവിധാനം ഉപയോഗപ്പെടുത്താമെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുള്ളതിനാൽ, ഒരു ലക്ഷം രൂപയ്ക്ക് താഴെ വിലവരുന്ന മുദ്രപത്രങ്ങൾ ഇന്ത്യാ സെക്യൂരിറ്റി പ്രസ്സിൽ നിന്നും എത്തിക്കേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നാസിക്ക് ഇന്ത്യാ സെക്യൂരിറ്റി പ്രസ്സിൽ ഇൻഡന്റ് ചെയ്യുതും അച്ചടി പൂർത്തിയാക്കിയിട്ടുള്ളതുമായ മുദ്രപത്രങ്ങൾ കൊണ്ടു വരുന്നതിന് |

| | | |
|---|---|---|
| | | അനുമതി ആവശ്യപ്പെട്ടുകൊണ്ട് 08.02.2017 -ൽ ലാന്റ് റവന്യൂ കമ്മീഷണർ സർക്കാരിൽ സമർപ്പിച്ച അപേക്ഷ പരിശോധിച്ച്, 27.05.2017 ന് ആയതിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാസിക്കിൽ നിന്നും സ്റ്റാമ്പുകൾ കൊണ്ടു വരുന്നതിന് ആവശ്യമായ സെക്യൂരിറ്റി, ട്രക്ക്, മുതലായവ ലഭ്യമാക്കി, സ്റ്റാമ്പുകൾ പ്രസ്സിൽ നിന്നും എത്തിച്ച് ട്രഷറികൾക്ക് വിതരണം ചെയ്യുന്നതിന് വേണ്ടിവന്ന സമയത്തിനുള്ളിൽ, ചെറിയ ഡിനോമിനേഷനിലുള്ള സ്റ്റാമ്പുകളുടെ ക്ഷാമം സംസ്ഥാനത്ത് നേരിടുകയുണ്ടായി. കൂടാതെ വിവിധതരം എഗ്രിമെന്റുകൾക്കുള്ള ഫീസ് 200/- രൂപയാക്കിയത് 50/-, 100/- രൂപയുടെ മുദ്രപത്രങ്ങളുടെ ഉപയോഗം വർദ്ധിക്കാനിടയാക്കുകയും ടി സ്റ്റാമ്പുകളുടെ സ്റ്റോക്ക് കുറയുന്നതിനും കാരണമായിട്ടുണ്ട്. |
| ബി) | ആയത് അടിയന്തരമായി പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | ബി) ചെറിയ മുഖവിലയുള്ള മുദ്രപ്പത്രങ്ങൾ ആവശ്യമായ തോതിൽ ലഭ്യമാക്കുന്നതിന് സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ സ്റ്റോക്കുള്ള ഒരു രൂപ മുതൽ അഞ്ച് രൂപവരെയും, എഴ് രൂപ മുതൽ പത്ത് രൂപ വരെയും മൂല്യമുള്ള മുദ്രപ്പത്രങ്ങൾ യഥാക്രമം 50/- രൂപ, 100/- രൂപ മുദ്രപ്പത്രങ്ങളായി പുനർമൂല്യനിർണ്ണയം ചെയ്യുന്നതിന് അനുമതി നൽകിയും അതിനായി ഉദ്യോഗസ്ഥരെ നിയോഗിച്ചും ഉത്തരവായിട്ടുണ്ട്. ഇതിനകം 50/- രൂപയുടെ 1,62,000 എണ്ണവും 100/ രൂപയുടെ 6,07,500 എണ്ണവും മുദ്രപ്പത്രങ്ങൾ പുനർമൂല്യനിർണ്ണയം ചെയ്ത് ട്രഷറികൾക്ക് വിതരണം നടത്തിയിട്ടുണ്ട്. |

ക്ഷാമം പരിഹരിക്കുന്നതിന് മുദ്രപ്പത്രങ്ങളും സ്റ്റാമ്പുകളും നാസിക്കിലെ സെക്യൂരിറ്റി പ്രസ്സിൽ നിന്നും തിരുവനന്തപുരത്തെ സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ എത്തിച്ച് ട്രഷറികൾക്ക് വിതരണം ആരംഭിച്ചിട്ടുണ്ട്. ഈ നടപടിയിലൂടെ സംസ്ഥാനത്ത് അനുഭവപ്പെട്ടിരുന്ന മുദ്രപ്പത്രക്ഷാമം പരിഹരിക്കപ്പെട്ടിട്ടുണ്ട്.

| | |
|---|---|
| സി) റവന്യൂ സ്റ്റാമ്പും മുദ്ര പത്രങ്ങളും വിലകൂട്ടി കരിഞ്ചന്തയിൽ വിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ